Page 1 of 1

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച ബോധവൽക്കരണ ക്യാമ്പയിനുകൾ തുടങ്ങിയവ രണ്ടാം ഘട്ടത്തിൽ സംഘടിപ്പിക്കും. നഗരസഭകളിൽ വാട്ട്സ് ആപ്പ് കൂട്ടായ്മകൾവഴിയും റസിഡന്റ്സ് അസോസിയേഷൻ വഴിയും സന്നദ്ധ സംഘടനകൾ വഴിയും ഉറവിട മാലിന്യ സംസ്കരണത്തിന് വ്യാപകമായ ബോധവത്കരണം നടത്തിവരുന്നു.

ദേവികുളം മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. പദ്ധതി

340(340) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.എൽ.ആർ.ആർ.പി. പദ്ധതി പ്രകാരം ദേവികുളം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) അനുവദിക്കപ്പെട്ട പദ്ധതികളിൽ പൂർത്തീകരിക്കാത്ത പദ്ധതികളുടെ പേരും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിശദാംശങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

നീർത്തടാധിഷ്ഠിത ആസൂത്രണം

341 (341) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നീർത്തടാധിഷ്ഠിത ആസൂത്രണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് 2010-11 മുതൽ സംയോജിത നീർത്തട പരിപാലന പരിപാടി (ഇപ്പോഴത്തെ പി.എം.കെ.എസ്.വൈ.-യുടെ നീർത്തട ഘടകം) നടപ്പിലാക്കിവരുന്നു. നിലവിലുള്ള പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ കാർഷിക അനുബന്ധ മേഖലയിലെ പ്രോജക്ടുകൾക്ക് സംയോജിത നീർത്തടപരിപാലന സമീപനം ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.